കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 20 ശനി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>

Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>

കുതിരാൻ: പ്രശ്നപരിഹാരത്തിനായി പ്രത്യേക യോഗം വിളിക്കും: കേന്ദ്രമന്ത്രി വി മുരളീധരൻ

മണ്ണുത്തി-പാലക്കാട് ദേശീയപാതയിലെ കുതിരാൻ തുരങ്കനിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന പൊതുമരാമത്ത് വകുപ്പും വനം വകുപ്പുമായി ചേർന്ന് പ്രത്യേക യോഗം വിളിച്ചു ചേർക്കുമെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി മുരളീധരൻ പറഞ്ഞു. തിരുവനന്തപുരത്ത് എംപിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിലാണ് യോഗം. കുതിരാൻ പാത വികസനം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുമെന്നും കരാർ കമ്പനിയുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രസർക്കാർ മുൻകൈ എടുക്കുമെന്നും കേന്ദ്രമന്ത്രി വി മുരളീധരൻ പറഞ്ഞു. എംപിമാരായ ടി എൻ പ്രതാപൻ, രമ്യ ഹരിദാസ് എന്നിവരും വി മുരളീധരനോടൊപ്പം ഉണ്ടായിരുന്നു. മന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സംഘം തുരങ്ക പാത സന്ദർശിച്ചു. ജില്ലാ കളക്ടർ എസ് ഷാനവാസ്, സിറ്റി പോലീസ് കമ്മീഷണർ യതീഷ് ചന്ദ്ര തുടങ്ങിയവരും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.